## ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജര്‍ : എ. അലക്സാണ്ടര്‍, ഐ.എ.എസ്)

ജി.2/28345/2018 തിയതി : 15.09.2020

വിഷയം :- ലാന്‍റ് അക്വിസിഷന്‍ –മാമ്പ്രക്കന്നേല്‍ റെയില്‍വെ മേല്‍പ്പാലം - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോര്‍ട്ട് വിലയിരുത്തുന്നതിനുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ ശുപാര്‍ശയിന്മേല്‍ തീരുമാനം കൈക്കൊള്ളുന്നത്- ഉത്തരവാകുന്നത്

വായന :- 1. ഈ കാര്യാലയത്തിലെ 04.07.2020 ലെ ഇതേ നമ്പര്‍ നടപടിക്രമം
2.ജില്ലാതല വിദ്ഗ്ധ സമിതിയുടെ 10.08.2020 ലെ റിപ്പോര്‍ട്ട്

---

ആലപ്പുഴ ജില്ലയില്‍ കൃഷ്ണപുരം വില്ലേജില്‍ മാമ്പ്രക്കന്നേല്‍ റെയില്‍വെ മേല്‍പ്പാലം നിര്‍മ്മിക്കുന്നതുമായി ബന്ധപ്പെട്ട് കാര്‍ത്തികപ്പള്ളി താലൂക്കിലെ കൃഷ്ണപുരം വില്ലേജിലെ വിവിധ സര്‍വ്വെ നമ്പരുകളില്‍പ്പെട്ട 01.0840 ഹെക്ടര്‍ ഭൂമി, 2013 ലെ ഭൂമി ഏറ്റെടുക്കലില്‍ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തല്‍ പഠനം നടത്തുന്നതിനായി ശ്രീമതി. പ്രിന്‍സി ജേക്കബ്ബ്, പറമ്പത്തുശ്ശേരി വീട്, ബി.7 സൗമ്യനഗര്‍, 3rd ലെയിന്‍, ആലിന്‍ ചുവട്, ഇടപ്പള്ളി. പി.ഒ, എറണാകുളം എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തല്‍ യൂണിറ്റിനെ ചുമതലപ്പെടുത്തി വിജ്ഞാപനം ചെയ്തിരുന്നതും മേല്‍ യൂണിറ്റ് അന്തിമ പഠന റിപ്പോര്‍ട്ടും സോഷ്യല്‍ ഇംപാക്ട് മാനേജ്മെന്‍റ് പ്ലാനും നിര്‍ദ്ദിഷ്ട പ്രൊഫോര്‍മയില്‍ തയ്യാറാക്കി വായന (2) പ്രകാരം സമര്‍പ്പിച്ചിട്ടുള്ളതുമാണ്.

ജില്ലാതല വിദ്ഗ്ധ സമിതിയുടെ വായന(2) പ്രകാരമുള്ള റിപ്പോര്‍ട്ട് പരിശോധിച്ചതില്‍, ഏറ്റെടുക്കലില്‍ പൊതു ആവശ്യം ഉള്ളതും ചുരുങ്ങിയ അളവില്‍ മാത്രമേ ഭൂമി ഏറ്റെടുക്കുന്നുള്ളുവെന്നും ഏറ്റെടുക്കല്‍ മൂലമുണ്ടാകുന്ന സാമൂഹ്യ ചെലവിനേയും സാമൂഹ്യ പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് പദ്ധതിയുടെ ഗുണങ്ങളും പൊതു ആവശ്യവും വളരെ വലുതാണെന്നും ആയതിനാല്‍ പദ്ധതിയുടെ പൂര്‍ത്തീകരണം നാടിന് വലിയ മുതല്‍ക്കൂട്ടാകുമെന്നും ജില്ലാതല വിദ്ഗ്ധ സമിതി ശുപര്‍ശ ചെയ്തിട്ടുണ്ട്.

2013 ലെ LARR ആക്ട് സെക്ഷന്‍ 8 (1), (2) എന്നിവയുടെ അടിസ്ഥാനത്തില്‍ ജില്ലാതല വിദ്ഗ്ധ സമിതിയുടെ റിപ്പോര്‍ട്ട് പരിശോധിച്ചതില്‍, പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലം ഏറ്റവും യുക്തവും വിശ്വാസയോഗ്യമുള്ളതും, ചുരുങ്ങിയ ഒഴിപ്പിക്കല്‍ മാത്രം ആവശ്യമുള്ളതും പദ്ധതിയുടെ പൊതുതാല്പര്യവും ഗുണങ്ങളും പരിഗണിക്കുമ്പോള്‍ ഉണ്ടാകുവാന്‍ സാധ്യതയുള്ള സാമൂഹ്യ പ്രത്യാഘാതവും സാമൂഹ്യ ചെലവും വളരെ കുറവാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

മേല്‍ സാഹചര്യത്തില്‍ കാര്‍ത്തികപ്പള്ളി താലൂക്കില്‍ കൃഷ്ണപുരം വില്ലേജിലെ വിവിധ സര്‍വ്വെ നമ്പരുകളില്‍പ്പെട്ട 01.0840 ഹെക്ടര്‍ ഭൂമി ഏറ്റെടുക്കുന്നതിനിനുള്ള തുടര്‍നടപടികള്‍ സ്വീകരിക്കുന്നതിന് ആലപ്പുഴ എല്‍.എ(ജനറല്‍) സ്പെഷ്യല്‍ തഹസില്‍ദാര്‍ക്ക് അനുമതി നല്‍കി ഇതിനാല്‍ ഉത്തരവാകുന്നു.

LARR ചട്ടങ്ങൾ പ്രകാരമുള്ള പുനരധിവാസ പാക്കേജിന് ബന്ധപ്പെട്ട സ്ഥലമുടമകൾ അർഹരാണെങ്കിൽ ആയത് അർത്ഥനാധികാരിയുടെ അഭിപ്രായം കൂടി പരിഗണനയിലെടുത്ത് ആലപ്പുഴ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കി സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

-ഉത്തരവിൻ പ്രകാരം-

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

പകർപ്പ്

1. സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ), ആലപ്പുഴ -(LARR ആക്ട് സെക്ഷൻ 8(3) പ്രകാരം ഉത്തരവിന്റെ പകർപ്പ് നിയമാനുസൃതം പരസ്യപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. ജനറൽ മാനേജർ, റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ, രണ്ടാംനില, പ്രീതി ബിൽഡിംങ്, MV റോഡ്, പാലാരിവട്ടം, കൊച്ചി- 682025
3. ജില്ലാ ഇൻഫർമാറ്റിക്ക് ഓഫീസർ, എൻ.ഐ.സി, ആലപ്പുഴ – (ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്)
4. കരുതൽ ഫയൽ